# നാദാപുരം സൗത്ത് എൽ.പി സ്കൂൾ

## അക്കാദാമിക് മാസ്റ്റർ പ്ലാൻ
## 2025-26

## അദ്ധ്യായം ഒന്ന്

### ആമുഖം

കേരളത്തിന്റെ സാംസ്കാരികവും സാമൂഹികവും പാരിസ്ഥിതികവും സർഗാത്മകവുമായ പാരമ്പര്യം കാത്തുസൂക്ഷിക്കാനും ഭരണഘടനാമൂല്യങ്ങളായ അവസരസമത്വം, മതേതരത്വം, ശാസ്ത്രബോധം, പാർശ്വവൽക്കരിക്കപ്പെടുന്നവരോടുള്ള അനുകൂല മനോഭാവം, കുട്ടികളുടെ അവകാശനിയമം, വിദ്യാഭ്യാസ അവകാശനിയമം, ദേശീയവിദ്യാഭ്യാസനയം എന്നിവ ഉറപ്പാക്കുന്നതിനും നാം പ്രതിജ്ഞാബദ്ധരാണ്. ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച്, അക്കാദമിക നിലവാരം അന്താരാഷ്ട്രത്തിലേക്ക് ഉയർത്തുന്നതിന് ആവശ്യമായ ഹൈടെക് സൗകര്യങ്ങൾ ഉറപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്. കേരളത്തിന്റെ വികസനത്തിൽ നിർണായക പങ്കാണ് പൊതു വിദ്യാഭ്യാസത്തിലുള്ളത്.

ഈ മേഖലയുടെ വളർച്ചയും മുന്നേറ്റവുമാണ് കേരളത്തെ മികവിലേക്ക് നയിക്കുന്ന ശക്തിയാവുക. ഈ വസ്തുത തിരിച്ചറിഞ്ഞുകൊണ്ട് സംസ്ഥാന സർക്കാരും വിദ്യാഭ്യാസ വകുപ്പും മുന്നോട്ടുവെച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, കേരളത്തിലെ അക്കാദമിക സമൂഹവും പൊതുജനങ്ങളും ഏറ്റെടുത്തു കഴിഞ്ഞു. അതിന്റെ പ്രതിഫലനമാണ് ഈ വർഷം അൺ എയ്ഡഡ് സ്കൂളുകളിൽ നിന്നും പൊതു വിദ്യാലയങ്ങളിലേക്കുള്ള കുട്ടികളുടെ ഒഴുക്ക് സൂചിപ്പിക്കുന്നത്.

വിദ്യാലയ വികസന പദ്ധതി നടപ്പാക്കുന്നതിന് പ്രാദേശിക ഗവൺമെന്റുകൾ, പൂർവ്വ വിദ്യാർത്ഥികൾ, പൊതുസമൂഹം തുടങ്ങി ലഭ്യമായ എല്ലാ സ്രോതസ്സുകളിൽ നിന്നും വിഭവസമാഹരണം നടത്തുന്നതിനും അവസരം ഒരുക്കുന്നുണ്ട്. ഇങ്ങനെ പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രമാക്കുക എന്ന മഹത്തായ ലക്ഷ്യമാണ് മുന്നോട്ട് വെച്ചിട്ടുള്ളത്.

ഇതിനായി സംസ്ഥാനതലം മുതൽ സ്കൂൾതലം വരെ വിവിധ കമ്മറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. സ്കൂൾ വികസനസമിതിയുടെ നേതൃത്വത്തിൽ വികസന പദ്ധതികൾ അക്കാദമികം, ഭൗതികം, സാമൂഹികം എന്നീ തലങ്ങളിൽ വികസിപ്പിക്കുകയും ചർച്ചയിലൂടെ തീരുമാനിക്കുകയും ചെയ്തു. സുരക്ഷിതവും ഗുണപ്രദവുമായ പഠന സാഹചര്യം എല്ലാവർക്കും പ്രാപ്തമാക്കലാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യ, ശുചിത്വ, സുരക്ഷാ സംവിധാനങ്ങൾ ഉറപ്പുവരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു. ഒരു സാമൂഹിക രേഖയാണ് പൊതുവിദ്യാഭ്യാസത്തെ സ്നേഹിക്കുന്ന ഓരോരുത്തരുടെയും വിലയേറിയ കാഴ്ചപ്പാടുകളും ഞങ്ങൾ കാത്തിരിക്കുന്നു.

നമ്മുടെ നാട്ടിലെ ഓരോ കുട്ടിക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള ധാരണകളും നൈപുണികളും, ശേഷികളും നേടുന്നതിനാവശ്യമായ അവസരമൊരുക്കാനുള്ള സംഘടിത ശ്രമത്തിന് താങ്കളുടെ പൂർണമായ പിന്തുണയും സഹകരണവും വേണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ വികസന പദ്ധതി രേഖ സ്വാഭിമാനം കേരളത്തിലെ വിദ്യാഭ്യാസ പ്രവർത്തകർക്ക് സമർപ്പിക്കുന്നു. .

## ലക്ഷ്യം

എല്ലാ കുട്ടികളുടെയും സമഗ്രഗുണമേന്മ, വിദ്യാഭ്യാസം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

- എല്ലാ കുട്ടികൾക്കും എല്ലാം മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- ഉന്നത നിലവാരമുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിൽ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
- പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
- സ്കൂൾ ലൈബ്രറി ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാകും.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും.
- കാമ്പസ് തന്നെ പാഠപുസ്തകം എന്ന ജനകീയമായി വികസിപ്പിച്ചെടുക്കും.
- കുട്ടികളുടെ മാതൃഭാഷ നിലവാരം ഉയർത്തൽ.
- കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായന സാമഗ്രികളുടെ ശേഖരണവും നിർമ്മാണവും.
- പ്രാദേശിക വിഭവങ്ങളെ സർഗ്ഗാത്മകമായ പ്രവർത്തനങ്ങളിൽ ഉപയോഗിക്കൽ.
- വിദ്യാലയത്തെ സമൂഹമായി ബന്ധിപ്പിക്കൽ.
- ജീവിത നൈപുണി പരിശീലനം
- അന്താരാഷ്ട്രപഠന നിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
- ശുചിത്വ-പ്ലാസ്റ്റിക് മുക്തി- കീടനാശിനി മുക്തി -ലഹരിമുക്ത ക്യാമ്പുകൾ സൃഷ്ടിക്കുക.
- വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കൽ.

## അദ്ധ്യായം 2

### സ്കൂൾ ചരിത്രം

**നാദാപുരം ബസ് സ്റ്റാൻഡിൽ നിന്നും ഏകദേശം 300 മീറ്റർ ദൂരെ പുളികൂൽ എന്ന സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒരു സാധാരണ കുടിപ്പള്ളിക്കൂടമായി തുടങ്ങിയ ഈ സ്ഥാപനം ഹിന്ദു ബോയ്സ് എലമന്ററി സ്കൂൾ എന്ന പേരിൽ മദിരാശി സർക്കാരിന്റെ അനുവാദത്തോടെ ആരംഭിച്ചു. വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിന്നരുന്ന ഒരു ജനസമൂഹത്തെ വിജ്ഞാനത്തിന്റെ വെള്ളി വെളിച്ചത്തിലേക്ക് കൈ പിടിച്ചുയർത്താൻ ഈ സ്ഥാപനം അതിന്റെ പങ്ക് വഹിച്ചിരുന്നു**

## ലക്ഷ്യം

എല്ലാ കുട്ടികളുടെയും സമഗ്രഗുണമേന്മ, വിദ്യാഭ്യാസം ലക്ഷ്യമാക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസ ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു.

- എല്ലാ കുട്ടികൾക്കും എല്ലാം മേഖലകളിലും അനുഭവം ലഭിക്കുന്നതിനും സർഗപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും അവസരം ഒരുക്കും.
- ഉന്നത നിലവാരമുള്ള അധ്യാപനം ഉറപ്പാക്കാൻ അധ്യാപക ശാക്തീകരണ പരിപാടികൾ ആസൂത്രണം ചെയ്യും.
- കലാകായിക പ്രവർത്തി പരിചയ മികവ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ ഭൗതിക മാനസിക സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കും.
- പഠനത്തിൽ പിന്നോക്കക്കാരെ തുടക്കത്തിൽ കണ്ടെത്തി ആവശ്യമായ സഹായം പാഠ്യപദ്ധതിയുടെ സത്ത ഉൾക്കൊണ്ട് ലഭ്യമാക്കും.
- പഠനം ആകർഷകവും സർഗാത്മകവും ആനന്ദദായകവും ആകുന്ന തരത്തിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വികസിപ്പിക്കും.
- സ്കൂൾ ലൈബ്രറി ആധുനികവൽക്കരിച്ച് പഠനപ്രക്രിയയുടെ ഭാഗമാകും.
- കാർഷിക സംസ്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കും.
- കാമ്പസ് തന്നെ പാഠപുസ്തകം എന്ന ജനകീയമായി വികസിപ്പിച്ചെടുക്കും.
- കുട്ടികളുടെ മാതൃഭാഷ നിലവാരം ഉയർത്തൽ.
- കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായന സാമഗ്രികളുടെ ശേഖരണവും നിർമ്മാണവും.
- പ്രാദേശിക വിഭവങ്ങളെ സർഗ്ഗാത്മകമായ പ്രവർത്തനങ്ങളിൽ ഉപയോഗിക്കൽ.
- വിദ്യാലയത്തെ സമൂഹമായി ബന്ധിപ്പിക്കൽ.
- ജീവിത നൈപുണി പരിശീലനം
- അന്താരാഷ്ട്രപഠന നിലവാരം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയങ്ങളിൽ എത്തിക്കുക.
- ശുചിത്വ-പ്ലാസ്റ്റിക് മുക്തി- കീടനാശിനി മുക്തി -ലഹരിമുക്ത ക്യാമ്പുകൾ സൃഷ്ടിക്കുക.
- വിദ്യാലയത്തെ പരിസ്ഥിതി സൗഹൃദമാക്കൽ.

## അദ്ധ്യായം 2

### സ്കൂൾ ചരിത്രം

നാദാപുരം ബസ് സ്റ്റാൻഡിൽ നിന്നും ഏകദേശം 300 മീറ്റർ ദൂരെ പുളികൂൽ എന്ന സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒരു സാധാരണ കുടിപ്പള്ളിക്കൂടമായി തുടങ്ങിയ ഈ സ്ഥാപനം ഹിന്ദു ബോയ്സ് എലമന്ററി സ്കൂൾ എന്ന പേരിൽ മദിരാശി സർക്കാരിന്റെ അനുവാദത്തോടെ ആരംഭിച്ചു. വിദ്യാഭ്യാസപരമായി വളരെ പിന്നാക്കം നിന്നരുന്ന ഒരു ജനസമൂഹത്തെ വിജ്ഞാനത്തിന്റെ വെള്ളി വെളിച്ചത്തിലേക്ക് കൈ പിടിച്ചുയർത്താൻ ഈ സ്ഥാപനം അതിന്റെ പങ്ക് വഹിച്ചിരുന്നു

ആദ്യ കാലങ്ങളിൽ ഒരു വിഭാഗം മാത്രം കുട്ടികൾ പഠിച്ചിരുന്ന ഇവിടെ, ഇന്ന് സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിൽ നിന്നും വിദ്യാർത്ഥികൾ എത്തിചേരുന്ന ഒരു മാതൃക വിദ്യാലയമാണ്. ഏറെ മനോഹരമായ പുതിയ ഇരുനില കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളും അടങ്ങുന്ന പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം 2018ൽ കേരള സംസ്ഥാന തൊഴിൽ എക്സൈസ് വകുപ്പ് മന്ത്രി ടി പി രാമകൃഷ്ണൻ നിർവഹിക്കുകയുണ്ടായി.

## അദ്ധ്യായം 3

## നിലവിലെ അവസ്ഥാ വിശകലനം
## വിദ്യാലയ അടിസ്ഥാന വിവരങ്ങൾ

***നാദാപുരം സൗത്ത് എൽ. പി സ്കൂൾ*** ഒന്നു മുതൽ നാലു വരെ ക്ലാസുകൾ ഉണ്ട്. വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ മനോഹരമായ സ്കൂൾ കോട്ടിടം മാനേജ്മെന്റ് പണികഴിപ്പിച്ചു. എസ്. എസ്. എയുടെ ഫണ്ട് ഉപയോഗിച്ച് പഠനോപകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ ലൈബ്രറി കുട്ടികളുടെ വിജ്ഞാനം വർദ്ധിപ്പിക്കുന്നു. കളിസ്ഥലത്ത് കായിക പരിശീലനം പുരോഗമിക്കുന്നു.

കുട്ടികളുടെ ഇരിപ്പു സൗകര്യവും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യവും ഇവിടെ. വളരെയധികം യാത്രാസൗകര്യം ഉള്ള സ്ഥലമാണ്. കുടിവെള്ള സൗകര്യത്തിന് കിണറും പൈപ്പും സൗകര്യമുണ്ട്. പി.ടി.എയും മാനേജ്മെന്റ് കമ്മിറ്റിയും (എസ്.എം.സി) ശക്തമായി പ്രവർത്തിക്കുന്നു. ലാബ് ഉപകരണങ്ങൾ കൊണ്ട് പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് പരീക്ഷണങ്ങൾ നടത്താറുണ്ട്. ഓരോ ആഴ്ചകളിലെ എല്ലാ വെള്ളിയാഴ്ചകളിലും ടീച്ചർമാർ ഒരുമിച്ച് ചേർന്ന് എസ്. ആർ. ജി കൂടി പഠനപ്രവർത്തനങ്ങൾ ചർച്ച ചെയ്തു കണ്ടെത്തുന്നു. ഇത് കുട്ടികളുടെ പഠന നിലവാരം ഉയർന്നു.

### ഭൗതികം

- ഭിന്ന നിലവാരക്കാരുടെ പഠന പ്രവർത്തനങ്ങൾക്കും ശാരീരികവും മാനസികവുമായി വികസിപ്പിക്കുന്നതിനാവശ്യമായ റിസോഴ്സ് റൂം സ്കൂളിൽ ഇല്ല. ➢ ഭിന്ന നിലവാരക്കാരെ പരിഗണിച്ചുകൊണ്ടുള്ള അഡാപ്റ്റഡ് ടോയ്ലറ്റ് മറ്റ് നിർമ്മാണ ഭൗതിക സംവിധാനം സ്കൂളിൽ ഇല്ല
- പഠനപ്രവർത്തനങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിന് സഹായകമായ സ്ഥലസൗകര്യം, അനുയോജ്യമായ ഇരിപ്പിടസൗകര്യം ഐ.സി.ടി എന്നീ ക്ലാസ് മുറികളുടെ അഭാവം.
- ആധുനികമായ സജ്ജീകരിച്ച സ്കൂൾ ലൈബ്രറി ഐ.ടി. ലാബ് എന്നിവയുടെ അഭാവം.
- എല്ലാ ക്ലാസ് മുറികളും ഐ.സി.ടി അധിഷ്ഠിത പഠനം ഉറപ്പാക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും സാങ്കേതികസൗകര്യങ്ങളും ഇല്ല.
- ക്ലാസ്സ് ലൈബ്രറിക്ക് അടിസ്ഥാന സൗകര്യമില്ല.
- ടോയ്ലറ്റുകൾ വൃത്തിയാക്കിയായി സൂക്ഷിക്കുവാൻ കഴിയുന്നില്ല.
- പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിൽ എത്തുന്നു.
- ജൈവ വൈവിധ്യ പാർക്കിനുള്ള സ്ഥലമില്ല.

- ➢ പാഠ്യപദ്ധതി നിർദേശിച്ച കായിക പ്രവർത്തനം ചെയ്യുന്നതിനുള്ള ഭൗതിക സൗകര്യമില്ല.
- ➢ കാറ്റും വെളിച്ചവും കടക്കുന്ന വൃത്തിയുള്ള അടുക്കളയില്ല
- ➢ ലൈബ്രറി റൂമിനാവശ്യമായ സ്ഥലക്കുറവ്.
- ➢ രക്ഷിതാക്കൾക്ക് അനുയോജ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നില്ല.

## അദ്ധ്യായം നാല്

**വിഷയ മേഖലാ പ്രവർത്തനങ്ങൾ**

**മേഖല: അക്കാദമികം**

| പദ്ധതിയുടെ പേര് | പ്രവർത്തനങ്ങൾ | കാലം | ചുമതല നടപ്പാക്കുന്ന ഏജൻസി | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാശേഷി വികസനം<br>മലയാളം (വായന) | ♦ പ്രീ ടെസ്റ്റ്<br>♦ അക്ഷരം ഉറപ്പിക്കൽ<br>♦ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>♦ പദക്കാർഡ്<br>♦ വാക്കുകൾ നിർമിക്കൽ<br>♦ കഥ പറയൽ, കഥയെഴുതൽ<br>♦ ക്ലാസ്, ലൈബ്രറി<br>♦ ഭാഷ കേളികൾ,<br>♦ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>♦ അസംബ്ലിയിൽ വാർത്ത വായിക്കൽ<br>♦ റീഡേഴ്സ് തിയേറ്റർ<br>♦ സംയുക്ത ഡയറി<br>♦ രചന പരിചയക്കുറുപ്പ് | 1 Year | | 2000 |
| എഴുത്തുകൂട്ടം<br>കുട്ടിയെ എഴുത്തുകാരൻ ആക്കുക | ♦ എഴുത്തുകൂട്ട രൂപീകരണം<br>♦ വായനക്കുറിപ്പ് പതിപ്പ്<br>♦ കഥ എഴുതൽ (ബാക്കി എഴുതൽ, സി.ഡി, ചിത്രം നിരീക്ഷിച്ച് എഴുതൽ)<br>♦ അടിക്കുറിപ്പ്,<br>♦ ഡയറി എഴുതൽ<br>♦ ചുമർപത്രിക, പതിപ്പ്<br>♦ മാഗസിൻ തയ്യാറാക്കൽ<br>♦ സർഗ്ഗവേളയിൽ അവതരണം<br>♦ സംഭാഷണം,<br>♦ സ്കൂൾ ലൈബ്രറി കവിത രചന അവതരണം<br>♦ പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് | 1 Year | | 2000 |

- പാഠ്യപദ്ധതി നിർദേശിച്ച കായിക പ്രവർത്തനം ചെയ്യുന്നതിനുള്ള ഭൗതിക സൗകര്യമില്ല.
- കാറ്റും വെളിച്ചവും കടക്കുന്ന വൃത്തിയുള്ള അടുക്കളയില്ല
- ലൈബ്രറി റൂമിനാവശ്യമായ സ്ഥലക്കുറവ്.
- രക്ഷിതാക്കൾക്ക് അനുയോജ്യമായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നില്ല.

## അദ്ധ്യായം നാല്

**വിഷയ മേഖലാ പ്രവർത്തനങ്ങൾ**

**മേഖല: അക്കാദമികം**

| പദ്ധതിയുടെ പേര് | പ്രവർത്തനങ്ങൾ | കാലം | ചുമതല നടപ്പാക്കുന്ന ഏജൻസി | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാശേഷി വികസനം<br>മലയാളം (വായന) | ♦ പ്രീ ടെസ്റ്റ്<br>♦ അക്ഷരം ഉറപ്പിക്കൽ<br>♦ ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>♦ പദക്കാർഡ്<br>♦ വാക്കുകൾ നിർമിക്കൽ<br>♦ കഥ പറയൽ, കഥയെഴുതൽ<br>♦ ക്ലാസ്, ലൈബ്രറി<br>♦ ഭാഷ കേളികൾ,<br>♦ സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>♦ അസംബ്ലിയിൽ വാർത്ത വായിക്കൽ<br>♦ റീഡേഴ്സ് തിയേറ്റർ<br>♦ സംയുക്ത ഡയറി<br>♦ രചന പരിചയക്കുറുപ്പ് | 1 Year | | 2000 |
| എഴുത്തുകൂട്ടം<br>കുട്ടിയെ എഴുത്തുകാരൻ ആക്കുക | ♦ എഴുത്തുകൂട്ട രൂപീകരണം<br>♦ വായനക്കുറിപ്പ് പതിപ്പ്<br>♦ കഥ എഴുതൽ (ബാക്കി എഴുതൽ, സി.ഡി, ചിത്രം നിരീക്ഷിച്ച് എഴുതൽ)<br>♦ അടിക്കുറിപ്പ്,<br>♦ ഡയറി എഴുതൽ<br>♦ ചുമർപത്രിക, പതിപ്പ്<br>♦ മാഗസിൻ തയ്യാറാക്കൽ<br>♦ സർഗ്ഗവേളയിൽ അവതരണം<br>♦ സംഭാഷണം,<br>♦ സ്കൂൾ ലൈബ്രറി കവിത രചന അവതരണം<br>♦ പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് | 1 Year | | 2000 |

| | | | | |
|---|---|---|---|---|
| | ♦ അനുഭവവിവരണം<br>♦ വ്യക്തിഗതരചന, സംഘരചന, സർഗാത്മകരചന<br>♦ സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | | | |
| ഗണിതശേഷി വികസനം (ചതുഷ്ക്രിയകളിലെ) പിന്നോക്കാവസ്ഥ പരിഹരിക്കുക. | ♦ പ്രീ ടെസ്റ്റ് നടത്തുന്നു<br>♦ (നിലവാരമനുസരിച്ച് കുട്ടികളെ തരംതിരിക്കുന്നു) ആരോഹണാവരോഹണം (1-10) വലുത് ചെറുത് സംഖ്യാവ്യാഖ്യാനം സംഘസനം, വിവകലനം ഗണിതകേളികൾ, ഐ.സി.ടി സാധ്യത G Comprics.<br>♦ രണ്ടക്കം മൂന്നക്കം നാലക്കം സംഖ്യകളുടെ ആരോഹണ വ്യാഖ്യാനം, സങ്കലനം വ്യവകലനം ഐസിടി സാധ്യത G Comprics.നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിഗമനത്തിലെത്തൽ<br>♦ ഗണിതമൂല ഒരുക്കൽ, ഗണിതകേളികൾ ഏകപ്പെടൽ, ഉല്ലാസഗണിതം | | | |
| ഭിന്നശേഷിക്കാരെ പരിഗണിക്കുന്ന അനുരൂപീകരിച്ച പാഠ്യപദ്ധതി പാഠപുസ്തകം പഠന പ്രക്രിയ എന്നിവയില്ല. റിസോഴ്സ് അധ്യാപകരുടെ സേവനം ലഭിക്കുന്നില്ല | ♦ കേളികളിൽ ഏർപ്പെടൽ പാഠ്യപദ്ധതി, പാഠപുസ്തകം, പഠന പ്രക്രിയ, റിസോഴ്സ് അദ്ധ്യാപകൻ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ | 6 months | SSA Tr | 5000 |
| പത്രം ആനുകാലികം പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭിക്കുന്നതിന് സാധിക്കുന്നില്ല | ♦ പത്രം ആനുകാലിക പ്രസിദ്ധീകരണങ്ങൾ എന്നിവ ലഭ്യമാക്കൽ | 1 Year | Spon-sorship | 1000 |
| എല്ലാ കുട്ടികളും വായന പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി വായനശാല ആധുനികവൽക്കരിക്കും | ♦ പുസ്തകശേഖരണം<br>♦ വായന കോർണർ<br>♦ പത്രവായന<br>♦ വായനവാരം<br>♦ സ്കൂൾ ലൈബ്രറി നവീകരണം<br>♦ ക്ലാസ്സ് ലൈബ്രറി പരിപോഷിപ്പിക്കൽ<br>♦ വായനക്കുറിപ്പ് അവതരണം<br>♦ പതിപ്പ് നിർമ്മാണം<br>♦ കൈയെഴുത്ത് മാസിക നിർമ്മാണം | 1 Year | Teacher | 2000 |
| | | | | |

| | | | | |
|---|---|---|---|---|
| കുട്ടികളിൽ സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കുന്നതിന് | ♦ സർഗ്ഗവേള പ്രയോജനപ്പെടുത്തുന്നു സംഗീതം, ചിത്രം നൃത്തം തുടങ്ങിയ കലകളിലും സർഗ്ഗാത്മരചനയിലുമുള്ള വാസന കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു.<br>♦ പഠനപ്രവർത്തനവുമായി ബന്ധപ്പെട്ട് വരുന്ന കലാകായിക പ്രവർത്തനങ്ങൾ കുട്ടികളെ പ്രാപ്തരാക്കുന്നു.<br>♦ കലകളിൽ പ്രാവണ്യമുള്ള വ്യക്തികളുടെ സേവനം പ്രയോജനപ്പെടുത്തുന്നു. രചനാപരമായ കഴിവുകളിൽ കുട്ടികളിൽ വളർത്തുന്നു.<br>♦ കൈയെഴുത്ത് മാസിക നിർമ്മാണം<br>♦ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പത്യേകം പരിഗണനയും അവസരങ്ങളും നൽകി പ്രോത്സാഹിപ്പിക്കുന്നു | 1 Year<br><br>1 Year<br>സമൂഹം<br>SMC<br>Muncipality | Trs<br><br>SSA | 1000 |
| വിദ്യാലയത്തിന്റെ അക്കാദിമകവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല. | ♦ പി.ടി.എ പൂർവ്വവിദ്യാർത്ഥി സംഗമം<br>♦ പൂർവ്വ വിദ്യാർത്ഥികളെ (60 വയസ്സ് കഴിഞ്ഞവർ ) ആദരിക്കുന്നു .<br>♦ കോർണർ പി.ടി.എ<br>♦ പൂർവ്വവിദ്യാർത്ഥികളുടെ സഹായം പ്രയോജനപ്പെടുത്തൽ | 1 Year | സമൂഹം, പൂർവ്വ വിദ്യാർത്ഥികൾ MLA | 50000 |

## ഉപസംഹാരം

അടുത്ത മൂന്നുവർഷത്തേക്കുള്ള വികസനപദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽനിന്ന് ഓരോ വർഷത്തേക്കുള്ള പദ്ധതികൾ നിശ്ചിത ഗ്രൂപ്പുകൾ തിരഞ്ഞെടുത്ത് സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യണം. ഓരോ വർഷവും ആവശ്യമായ കൂട്ടിചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയും വേണം.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി കൃത്യമായ ആസൂത്രണവും വിലയിരുത്തുകയും ഉറപ്പാക്കണം. ഫണ്ട് വിനിയോഗത്തിൽ കൃത്യതയും സൂക്ഷ്മതയും ഉറപ്പാക്കണം.

ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവവും വൈഭവവും കണ്ടെത്തണം. മൂന്നുവർഷംകൊണ്ട് എല്ലാത്തലത്തിലും ലോകനിലവാരത്തിലെത്തിക്കുന്നതിനുള്ളശ്രമങ്ങളാണ് നടപ്പിലാക്കുന്നത്.

ഈ വികസന പദ്ധതി രൂപരേഖ തയ്യാറാക്കുന്നത് ഈ സ്കൂളിനെ സഹായിച്ച പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, മാനേജ്മെന്റ്, അധ്യാപകർ, എസ്. എസ്.ജി.ബി. ആർ.സി എന്നിവരോടുള്ള നന്ദി അറിയിച്ചുകൊള്ളുന്നു.